DESPATCHED
On.....11/06/2020

17/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

**ഹർജി നമ്പർ AP.177(2)/2018/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം.799/എസ്.ഐ.സി-ജി 6/18**
**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.കെ.റ്റി .തോമസ്**
**പ്ലാത്തോട്ടം, കാഞ്ഞിരപ്പള്ളി പി.ഒ**
**കാഞ്ഞിരപ്പള്ളി**
**കോട്ടയം** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ആന്റ് സെക്രട്ടറി**
   **എരുമേലി ഗ്രാമപഞ്ചായത്ത് കാര്യാലയം**
   **കോട്ടയം**
2. **അപ്പീൽ അധികാരി**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ**
   **കോട്ടയം**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.11.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 11.12.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 18.12.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 05.02.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.01.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 24.01.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28.02.2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22.03.2018,12.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ

അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.11.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ എരുമേലി ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ സംബന്ധിച്ച് 07.11.2017 ലെ VI (1) നമ്പരായി കമ്മറ്റി എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണെന്നും ടി തീരുമാനത്തിന്റെ കോപ്പിയും നൽകാനാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 11.12.2017 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 18.12.2017 ന് അപ്പീൽ നൽകുകയും, 05.02.2018 ന് അപ്പീൽ അധികാരി മറുപടി നൽകുകയും ആയതിൽ വിവരാവകാശ അപേക്ഷയും അപ്പീലും തമ്മിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ അപ്പീൽവാദി ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഹാജരാക്കി പരിശോധിക്കുന്നതിനും, രേഖകളുടെ പകർപ്പ് ആവശ്യമാണെങ്കിൽ ഫീസ് ഈടാക്കി അവ നൽകുന്നതിനും നിർദ്ദേശിച്ചു.

4. 12.11.2019 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 07.11.2017 ലെ VI (1) തീരുമാനവും ടി തീരുമാനം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് വക കെട്ടിടങ്ങളും, അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോയുടെ പകർപ്പും ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നുമാണ് ബോധിപ്പിച്ചത്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടവ എല്ലാം നൽകിയതായി കാണുന്നതിനാൽ, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**